കോൾ വികസന പദ്ധതി

* 300. [359] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, വി. കെ. രാജൻ :
,, കെ. ടി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾ വികസന പദ്ധതിക്കുവേണ്ടിയുള്ള ഭൂമിയുടെ അക്വിസിഷൻ പൂർത്തിയായോ ; ഇല്ലെങ്കിൽ എത്ര ബാക്കിയുണ്ട് ;

(ബി) അക്വിസിഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് അതിനുവേണ്ടി നിയോഗിക്കപ്പെട്ട സ്പെഷ്യൽ തഹസീൽദാർമാരുടെ തസ്തികകൾ നിറുത്തലാക്കിയത് എന്തുകൊണ്ട് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഈ പദ്ധതിക്കുവേണ്ടിവരുന്ന എഴുനൂറ് ഹെക്ടറോളം ഭൂമിയിൽ മുന്നൂറ് ഹെക്ടർ പുറമ്പോക്ക് ഭൂമിയാണ്. പൊന്നുംവില നടപടി ആവശ്യമുള്ള 400 ഹെക്ടറിൽ 329 ഹെക്ടർ നടപടി പൂർത്തിയാക്കി കേരള ലാൻറ് ഡെവലപ്പ്മെൻറ് കോർപ്പറേഷനെ ഏൽപ്പിച്ചുകഴിഞ്ഞു. പൊന്നുംവില നടപടി പൂർത്തിയാക്കാനുള്ളത് 71 ഹെക്ടറോളം ഭൂമിയാണ്.

(ബി) അക്വിസിഷൻ നടപടികളും മിക്കവാറും പൂർത്തിയായിക്കഴിഞ്ഞതിനാൽ അക്വിസിഷൻ നടപടികൾക്കായി നിയോഗിച്ചിരുന്ന 12 സ്പെഷ്യൽ തഹസീൽദാർമാരുടെ തസ്തിക 4 ആയി കുറയ്ക്കുകയാണുണ്ടായത്.

നിയമ ബിരുദധാരികളായ സബ് ഇൻസ്പെക്ടർമാർ

* 301. [360] ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആംഡ് റിസർവ്വ് പോലീസ് സേനയിൽ നിയമ ബിരുദധാരികളായ എത്ര സബ് ഇൻസ്പെക്ടർമാരുണ്ട് ;

(ബി) റിസർവ് പോലീസ് സേനയിൽനിന്നും നിയമബിരുദധാരികളായിട്ടുള്ള സബ് ഇൻസ്പെക്ടർമാരെ ലോക്കൽ പോലീസ് സേനയിലേക്ക് നിയമിക്കുന്ന നടപടി നിർത്തൽ ചെയ്ത വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആ നടപടി പുനഃപരിശോധിക്കുമോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) ഒന്ന്.

(ബി, സി) നിയമബിരുദധാരികളായ ആംഡ് റിസർവ്വ് സബ് ഇൻസ്പെക്ടർമാരെ ലോക്കൽ പോലീസിലേക്ക് മാറ്റാനുള്ള പ്രത്യേക വ്യവസ്ഥ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly